ആയ ഭവനത്തെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അപേക്ഷപോലും വാങ്ങാതെ നികുതിയിളവ് അനുവദിക്കുന്നതായും നികുതിയിളവ് സ്ഥിരമായി അനുവദിച്ചു നൽകുന്നതായും ഉടമസ്ഥാവകാശം മാറ്റിയിട്ടും ഇളവ് തുടർന്നുവരുന്നതായും മൂന്ന് സേനാ വിഭാഗങ്ങളിൽ (കര, നാവിക, വ്യോമ സേന) സേവനം അനുഷ്ഠിച്ചവർക്കാണ് അർഹതയെങ്കിലും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും നികുതിയിളവ് അനുവദിച്ച് നൽകുന്നതായും മതിയായ സത്യവാങ്മൂലം വാങ്ങാതിരിക്കുന്നതായും നികുതിയിളവിനുള്ള അർഹത പുനഃപരിശോധനയ്ക്ക് വിധേയമാക്കാതിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കര, നാവിക, വ്യോമ സേനാവിഭാഗങ്ങളിലെ വിമുക്തഭടന്റെയോ/അവരുടെ വിധവയുടെയോ ഉടമസ്ഥതയിലുള്ളതും അവർ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതുമായ ഒരു വീടിന് വസ്തുനികുതി ഒഴിവാക്കിക്കൊണ്ട് 2-7-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 242/2013/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ധനസഹായത്തിന് അപേക്ഷ

81 (3712) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടമരണം സംഭവിച്ചതിൽ ധനസഹായം ആവശ്യപ്പെട്ട് ശ്രീ. പ്രദീപ് കുമാർ, പുതിയ പറമ്പത്ത് എന്നയാൾ സമർപ്പിച്ചതും കോഴിക്കോട് ജില്ലാ കലക്ടറുടെ 23-2-2011-ലെ എഫ്-1-53050/2010 നമ്പരായിട്ടുള്ള ഫയലിൽ ഉൾപ്പെട്ടതുമായ അപേക്ഷയിൽ എന്ത് തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടിയാന് ഉടൻതന്നെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 20-12-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6376/ 14/ റവ.-യിലെ അനുബന്ധത്തിൽ ക്രമനമ്പർ 34 പ്രകാരം ശ്രീ. പ്രദീപ് കുമാറിന് 30,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly